പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7006 | 13/07/2012-ൽ മറുപടിക്ക്

## ട്രൈബൽ കോളനികളുടെ സമഗ്ര വികസനം

ചോദ്യം | മറുപടി

ശ്രീ.രാജു എബ്രഹാം :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| റാന്നി താലൂക്കിലെ അട്ടത്തോട്, ചാലക്കയം ട്രൈബൽ കോളനികളുടെ സമഗ്ര വികസനത്തിനുതകും വിധം തയ്യാറാക്കിയ വിവിധ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും ഓരോ പദ്ധതിയുടെയും വിശദാംശം സഹിതം വ്യക്തമാക്കുമോ; ഈ പദ്ധതികൾ എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്? | ചാലക്കയത്ത് നൊമാഡിക് സ്വഭാവത്തിലുള്ള പട്ടി കവർഗ്ഗത്തിൽപ്പെട്ട 37 മലപണ്ടാര കുടുംബങ്ങൾ ഉണ്ട്. ഇവരിൽ 25 കുടുംബങ്ങളെ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ മോഡൽ കോളനി സ്ഥാപിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആരംഭഘട്ടമായി ടി മോഡൽ കോളനിയിൽ ഓരോ വീടും 5.32 ലക്ഷം രൂപ നിരക്കിൽ കുറ്റമറ്റനിലയിൽ നിർമ്മിക്കുന്നതിനായി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. നിർദ്ദിഷ്ട മോഡൽ കോളനിക്കുള്ള സ്ഥലം വനാവകാശ നിയമ പ്രകാരം വനംവകുപ്പിൽനിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്ഥലം ലഭ്യമായാൽ ഉടൻതന്നെ ഭവന നിർമ്മാണം ആരംഭിക്കുന്നതാണ്. ശേഷിക്കുന്ന 12 കുടുംബങ്ങളെ മൂഴിയാർ എന്ന സ്ഥലത്ത് പുനരധിവസിപ്പിക്കാനും പുനരധിവാസ പാക്കേജ് തയ്യാറാക്കി നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്.<br>അട്ടത്തോട് പട്ടികവർഗ്ഗ കോളനിയിൽ 2011-12 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കമ്മ്യൂണിറ്റി |

| | |
|---|---|
| | ഹാൾ നിർമ്മിക്കുന്നതിന് 13,45,000/- രൂപ അനുവദിച്ച് ടി പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ 2012-13 വർഷത്തെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 97 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന 12,17,000/- (പന്ത്രണ്ട് ലക്ഷത്തി പതിനേഴായിരം രൂപ) രൂപയുടെ വിവിധ പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ